(സി...എഫ്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

25 (28) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് നിയമനത്തിനായുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിൽ മുസ്ലീം സമുദായത്തിൽ ഏത് റാങ്ക് വരെയുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2000 നവംബർ മാസത്തിന് ശേഷം എൽ.ഡി.സി. നിയമനത്തിനായി റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെ എണ്ണം എത്ര;

(സി) വിവിധ വകുപ്പുകളിലുള്ള എല്ലാ എൽ.ഡി.സി. ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 269 പേർക്ക് നിയമന ശുപാർശചെയ്തിട്ടുണ്ട്. മുസ്ലീം സമുദായത്തിൽപ്പെട്ട 730-ാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിക്കു വരെ നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) 76.

(സി) ഓരോ വകുപ്പുകളിലുമുള്ള ഒഴിവുകൾ എത്രയും പെട്ടെന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

26 (29) എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റ്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ എൽ.ഡി.ക്ലാർക്കുമാരുടെ നിയമനത്തിനു വേണ്ടി പി.എസ്.സി. തയ്യാറാക്കിയ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ള നിയമനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആലപ്പുഴ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

വ്യക്തമാക്കുമോ;

(ഡി) ബാക്കിവരുന്ന ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചുവോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളിലേക്ക് 18.04.2000-ത്തിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 302 പേർക്ക് നിയമനശുപാർശ നൽകിയിട്ടുണ്ട്. ശേഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന രണ്ട് ഒഴിവുകളിലേയ്ക്ക് നിയമനശുപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(ബി) 304 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 304 ഒഴിവുകൾ.

(ഡി) 'ബി' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

27 (30) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ പി.എസ്.സി. റാങ്ക് ലിസ്റ്റ്

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇതിൽ മുസ്ലീം വിഭാഗത്തിന് ഏത് റാങ്ക് വരെയുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും 25.11.2000-ന് ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് എത്ര പേർക്കു കൂടി നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് ഇതുവരെ പി.എസ്.സി. 2148 പേർക്ക് നിയമന ശുപാർശ നൽകുകയും, ബോർഡ് 1833 പേർക്ക് നിയമനം നൽകിയിട്ടുമുണ്ട്. ഇതിൽ മുസ്ലീം വിഭാഗത്തിന് 4795-ാം റാങ്ക് വരെയുള്ളവർക്ക് പി.എസ്.സി. നിയമന ശുപാർശ നടത്തിയിട്ടുണ്ട്.

(ബി) 25.11.2000 ന് ശേഷം 193 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) കൃത്യമായ കണക്ക് നൽകുവാൻ ഇപ്പോൾ നിർവ്വാഹമില്ല. 4.12.2000-ൽ 315 പേരുടെ അഡ്വൈസ് ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓപ്പൺ കോട്ടയിലുള്ള ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്യുന്നതും, അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതുമാണ്.

28(31) പുത്തൻ സാമ്പത്തികനയത്തിൽ അധിഷ്ഠിതമായ ആഗോള ഉദാര-സ്വകാര്യവത്കരണ നയം

ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :

LIBRARY ARCHIVES Kerala Legislative Assembly